I/159958/2023

ബി3/96/2023-TC : 03-11-2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും (എൻഫോഴ്സ്മെന്റ്)

എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

എല്ലാ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും (ചെക്ക് പോസ്റ്റ്)

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - വാഹന ഉടമകൾ അടച്ച നികുതി, ഫീസ് തുടങ്ങിയവ റീഫണ്ട് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്-

സൂചന :- ഇല്ല

കേന്ദ്ര/കേരള മോട്ടോർ വാഹന ചട്ടപ്രകാരം ഈടാക്കുന്ന ഫീസ്, കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമം/ചട്ടം എന്നിവ പ്രകാരം ഈടാക്കുന്ന വാഹന നികുതി തുടങ്ങിയവ റീഫണ്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വകുപ്പ് ഓഫീസുകളിൽ വ്യത്യസ്ത തരത്തിലുള്ള നടപടികൾ ആണ് സ്വീകരിച്ചു വരുന്നത്. ആയതിനാൽ ഫീസ്, നികുതി എന്നിവ റീഫണ്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

## I.) <u>ഫീസ് റീഫണ്ട് ചെയ്യുന്നത് സംബന്ധിച്ച്</u>

i. കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 400, 402 എന്നിവ അനുസരിച്ച് ഒരു അപേക്ഷയോടൊപ്പം ഫീസ് അധികമായി [fee paid in excess] അടച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഫീസ് അടച്ച് 3 മാസത്തിനകം വാഹന ഉടമ റീഫണ്ടിന് അപേക്ഷിക്കുകയാണെങ്കിൽ അനുവദിക്കാവുന്നതാണ്.

ii. ഒരു വ്യക്തി തെറ്റായി ഒരു ഓഫീസിലേക്ക് ഫീസ് അടക്കുകയും ഫീസ് അടച്ച് ഒരു വർഷത്തിനകം റീഫണ്ടിന് അപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ്. [KMVR-402]. ഓഫീസ് മാറി ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ [fee remitted by mistake] അപേക്ഷ cancel ചെയ്യുകയോ അപേക്ഷ withdraw ചെയ്യുകയോ ആണെങ്കിൽ ഫീസ് ഇത്തരത്തിൽ റീഫണ്ട് ചെയ്യാവുന്നതാണ്.

iii. ഏതെങ്കിലും സേവനത്തിന് Online - ആയി ഫീസ് അടച്ചശേഷം ഓഫീസിൽ online ആയോ അല്ലാതെയോ സേവനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നില്ലായെങ്കിൽ ഫീസ് അടച്ച് ഒരു വർഷത്തിനകം റീഫണ്ടിന് അപേക്ഷിക്കുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ് [KMVR 402].

iv. ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ച ശേഷം അപേക്ഷയുമായി ബന്ധപ്പെട്ട് വാഹന പരിശോധന [inspection] നടത്തികഴിഞ്ഞിട്ടുണ്ടെങ്കിൽ ഫീസ് റീഫണ്ട് ചെയ്യുവാൻ പാടുള്ളതല്ല. [KMVR 402].

v. ഫാൻസി നമ്പർ റിസർവ്വ് ചെയ്ത വ്യക്തികൾ ലേലത്തിൽ പരാജയപ്പെട്ടാൽ അവർ അടച്ച reservation തുക റീഫണ്ട് ചെയ്ത് നൽകുന്നതിന് ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. ആയതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 95 പ്രകാരം പ്രത്യേക സമയ പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ലേലം കഴിഞ്ഞ ഉടൻ തന്നെ ലേലത്തിൽ പരാജയപ്പെട്ട വ്യക്തികളോട് online ആയി റീഫണ്ടിന് അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശം നൽകേണ്ടതും റീഫണ്ട് അപേക്ഷ കിട്ടിയാൽ ഉടൻ തന്നെ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

vi. Compounding fee തെറ്റായി അടച്ചിട്ടുണ്ടെങ്കിൽ മേൽ പ്രകാരം റീഫണ്ട് ചെയ്ത് നൽകാവുന്നതാണ്.

മേൽ പ്രകാരമുള്ള റീഫണ്ട് അപേക്ഷകളിന്മേൽ അതാത് ആർ.ടി.ഓ/ ജോ.ആർ.ടി.ഓ മാർ തന്നെ ഉചിതമായ തീരുമാനമെടുത്ത് അപേക്ഷ തീർപ്പ് കല്പിക്കേണ്ടതാണ്..

**II. <u>നികുതി റീഫണ്ട് ചെയ്യുന്നത് സംബന്ധിച്ച്</u>**

i. കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 6 അനുസരിച്ച് ഒരു വർഷത്തേക്കോ അതിനു മുകളിലുള്ള കാലയളവിലേക്കോ മുൻകൂറായി നികുതി അടയ്ക്കുകയും എന്നാൽ രജിസ്ട്രേഷൻ റദ്ദാക്കുകയോ വാഹനം മറ്റ് സംസ്ഥാനങ്ങളിലേക്ക് N O C എടുത്ത് പോകുകയോ ചെയ്യുകയാണെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് അല്ലെങ്കിൽ NOC എടുത്ത് ഒരു വർഷത്തിനകം റീഫണ്ടിന് അപേക്ഷിക്കുകയാണെങ്കിൽ പരിഗണിക്കേണ്ടതാണ്. ഇത്തരത്തിലുള്ള റീഫണ്ട് അപേക്ഷകൾ പരിഗണിക്കുമ്പോൾ കേരള മോട്ടോർ വാഹന ടാക്സേഷൻ ചട്ടത്തിലെ ചട്ടം 15A യിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. എന്നാൽ ത്രൈമാസ നികുതി അടച്ചിട്ടുള്ള വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുകയോ NOC എടുത്ത് മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുകയോ ചെയ്തുണ്ടെങ്കിൽ നികുതി റീഫണ്ട് ചെയ്യുവാൻ പാടുള്ളതല്ല.

ii. ഒരു വാഹനത്തിന് യഥാർത്ഥത്തിലുള്ള നികുതി തുകയേക്കാൾ കൂടിയതുക നികുതിയായി അടയ്ക്കുകയോ, തെറ്റായി നികുതി അടയ്ക്കുകയോ, തെറ്റായ ഹെഡിൽ നികുതി അടയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ നികുതി അടച്ച് ഒരു വർഷത്തിനകം റീഫണ്ട് ന് അപേക്ഷിക്കുകയാണെങ്കിൽ

പരിഗണിക്കേണ്ടതാണ്. [ഉദാ: ഒരു മോട്ടോർ കാറിന് 5 വർഷത്തേക്ക് നികുതി അടച്ച ശേഷം സോഫ്റ്റ് വെയർ തകരാർ കാരണം വാഹന ഉടമ അടുത്ത 5 വർഷത്തേക്ക് വീണ്ടും നികുതി അടയ്ക്കുകയാണെങ്കിൽ രണ്ടാമത് അടച്ച നികുതി തിരിച്ച് നൽകേണ്ടതാണ്].

iii. ഒരു വാഹനത്തിന് നികുതി അടച്ചശേഷം പ്രസ്തുത വാഹനം അപകടത്തിൽപ്പെട്ടോ മറ്റെന്തെങ്കിലും കാരണത്താലോ ഉപയോഗിക്കാതെ സൂക്ഷിക്കുകയാണെങ്കിൽ 2004 ലെ SRO 461/2004 എന്ന സർക്കാർ ഉത്തരവിലെ താഴെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നികുതി റീഫണ്ട് നൽകാവുന്നതാണ്.

a. വാഹനത്തിന്റെ നികുതി Grace Period - ൽ തന്നെ അടച്ചിരിക്കണം.

b. വാഹനം ഉപയോഗിക്കുന്നില്ല എന്നും ആയതിനാൽ ഉപയോഗിക്കാത്ത കാലയളവിലെ നികുതി ഒഴിവാക്കി തരണമെന്നും അപേക്ഷിച്ചുകൊണ്ട് വാഹന ഉടമകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകൾ KMVT Rule പ്രകാരമുള്ള From-G പ്രകാരമോ വെള്ള പേപ്പറിലോ തയ്യാറാക്കാവുന്നതാണ്. ടി അപേക്ഷയ്ക്ക് ഫീസ് അടയ്ക്കണമെന്ന് നിർബന്ധമില്ല. എന്നാൽ ഏത് കാലയളവിലേക്കാണോ നികുതി ഒഴിവാക്കി നൽകുവാൻ ആവശ്യപ്പെടുന്നത് ആ കാലയളവിൽ പ്രവേശിച്ച് 7 ദിവസത്തിനകം നികുതി ഒഴിവാക്കാനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

c. വാഹനത്തിന്റെ SV Report ലഭ്യമാക്കി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ നികുതി ഒഴിവാക്കി നൽകി ഒരു മാസത്തിനകം refund അപേക്ഷ സമർപ്പിക്കുവാൻ വാഹന ഉടമയ്ക്ക് രേഖാമൂലം നിർദ്ദേശം നൽകേണ്ടതാണ്. ഇത്തരത്തിൽ രേഖാമൂലമുള്ള നിർദേശം ഒരു നടപടിക്രമമായി പുറപ്പെടുവിക്കേണ്ടതും ടി നടപടിക്രമത്തിൽ E -treasuy മുഖാന്തരം അപേക്ഷിക്കാൻ നിർദേശിക്കേണ്ടതുമാണ്. വാഹന ഉടമകൾ അതാത് മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കുള്ള (ഡി.ടി.സി യെ അഡ്രസ്സ് ചെയ്തുകൊണ്ട്) റീഫണ്ട് അപേക്ഷയുടെ രണ്ട് പകർപ്പുകൾ അതാത് ആർ.ടി.ഓ/ ജോ.ആർ.ടി.ഓ ക്ക് സമർപ്പിക്കണം. നികുതി ഒഴിവാക്കിയശേഷം ഉത്തരവ് തിയ്യതി മുതൽ ഒരു മാസത്തിനകം ലഭിക്കുന്ന അപേക്ഷകളിൽ DF 15 എന്ന ഫാറം കൂടി പൂരിപ്പിച്ച് ഡി.ടി.സി മാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി റീഫണ്ടിന് അനുമതി നൽകേണ്ടത് ഡി.ടി.സി മാരാണ്. ഡി.ടി.സി യുടെ അനുമതി ഉത്തരവ് ലഭ്യമായാൽ ഉടൻ തന്നെ നികുതി റീഫണ്ട് ചെയ്യുന്നതിനുള്ള നടപടികൾ അതാത് ആർ.ടി.ഓ/ ജോ.ആർ.ടി.ഓ മാർ സ്വീകരിക്കേണ്ടതാണ്.

d. ഒരു വർഷത്തിനു മുകളിലുള്ള കാലയളവിലേക്ക് നിർബന്ധമായും നികുതി അടയ്ക്കേണ്ട വാഹനങ്ങൾക്ക് വാർഷികാടിസ്ഥാനത്തിലും വാർഷിക നികുതിയോ ത്രൈമാസ നികുതിയോ അടയ്ക്കേണ്ട വാഹനങ്ങൾക്ക് മാസാടിസ്ഥാനത്തിലും നികുതി റീഫണ്ട് ചെയ്യാവുന്നതാണ്.

e. നികുതി റീഫണ്ട് ചെയ്യുവാനുള്ള അപേക്ഷയോടൊപ്പം അസ്സൽ ടാക്സ് ലൈസൻസും സമർപ്പിക്കേണ്ടതാണ്.

f. 26.04.2004 ലെ SRO 461/2004, ഫാറം DF 15 എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.

iv. ഫീസ്/ നികുതി റീഫണ്ട് അപേക്ഷകൾക്ക് സർക്കാർ ഉത്തരവിലോ ചട്ടത്തിലോ നിഷ്കർഷിച്ചിട്ടുള്ള കാലയളവിനുള്ളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടില്ലായെങ്കിൽ ആയത് പരിഗണിക്കേണ്ടതില്ല. ഈ കാര്യം അപേക്ഷകനെ അറിയിക്കാൻ കാലതാമസം കൂടാതെ അപേക്ഷ തീർപ്പാക്കിനടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്.

v. ഖണ്ഡിക II (iii) ൽ പ്രതിപാദിക്കുന്ന റീഫണ്ട് അപേക്ഷകൾക്ക്മാത്രമേ ബന്ധപ്പെട്ട മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ ടെ അനുവാദം ആവശ്യമുള്ളൂ. (മറ്റുള്ള ഫീസ്/നികുതി റീഫണ്ട് അപേക്ഷകൾ അതാതു ആർ.ടി.ഓ/ ജോ.ആർ.ടി.ഓ മാർ തന്നെ തീർപ്പാക്കേണ്ടതാണ്.)

111 <u>ഇ ട്രഷറി മുഖേന തുക അടക്കുന്ന സംവിധാനം നിലവിൽ വരുന്നതിനു മുമ്പ് ഓഫീസുകളിൽ നേരിട്ട് ഒടുക്കിയ തുകകളുടെ റീഫണ്ട് സംബന്ധിച്ച്</u>

ഇ ട്രഷറി വഴി ഓൺലൈൻ പോയ്മെന്റ് ആരംഭിച്ചത് 2014 മുതൽ ആണ്.ഈ വർഷങ്ങളിലും അതിനുമുമ്പും(ഓൺലൈൻ സംവിധാനം വരുന്നതിനു മുമ്പ്) വകുപ്പ് ഓഫീസുകളിലും ഇടപാടുകാരിൽ നിന്നും തുക നേരിട്ട് സ്വീകരിച്ച് പ്രതിദിന കളക്ഷൻ മൊത്തമായി ട്രഷറിയിൽ ഒടുക്കിയിരുന്ന സംവിധാനമാണ് ഉണ്ടായിരുന്നത്.ട്രഷറിയിൽ നിന്നും മടക്കി തരുന്ന ചെല്ലാന്റെ ഒറിജനൽ പകർപ്പിൽ Government Reference Number(GRN) രേഖപ്പെടുത്തിയിട്ടുള്ളതാണ്.ഇപ്രകാരം ട്രഷറിയിൽ ഒടുക്കുവരുത്തിയിട്ടുള്ള ചെല്ലാനുകളുടെ റീഫണ്ട് അതാത് ഓഫീസ് മേധാവികളുടെ BIMS വഴി റീഫണ്ട് ബിൽ തയ്യാറാക്കി ട്രഷറിയിൽ e-submit ചെയ്ത് അപേക്ഷകന് നൽകാവുന്നതാണ്.. ഇതിനായി നികുതി അടച്ച ദിവസത്തെ ചെല്ലാനോ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റോ പരിശോധിച്ച് GRN നമ്പർ ആവശ്യമെങ്കിൽ കണ്ടെത്താവുന്നതാണ്. ഇതിനായി ഗതാഗത കമ്മീഷണറുടെ ഓഫീസിലേക്കു വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് എഴുത്തുകുത്തുകൾ നടത്തി അപേക്ഷ തീർപ്പാക്കൽ വൈകിപ്പിക്കുവാൻ പാടുള്ളതല്ല.ഇട്രഷറി ഓൺലൈൻ പോർട്ടൽ വഴി അടച്ച തുകകളുടെ റീഫണ്ട് മാത്രമാണ് ഇട്രഷറി ഓൺലൈൻ പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടത്. [Copy of the reply received through E-mail from Treasury department is attached for reference)

അപേക്ഷകൾ നിരസിക്കുന്ന പക്ഷം അപ്പീൽ നൽകുവാനുള്ള നടപടിക്രമങ്ങൾ അപേക്ഷകനെ അറിയിച്ചിരിക്കേണ്ടതാണ്എല്ലാ ഉദ്യോഗസ്ഥരും മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ഓഫീസ് മേധാവികൾ പകർപ്പ് എല്ലാ ജീവനക്കാർക്കും നൽകി രശീത് വാങ്ങിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Signed by
Shaji Madhavan
Date: 03-11-2023 15:55:47

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

I/159958/2023

പകർപ്പ്

1)ടി..സി, അഡിഷണൽ ടി.സി, സീനിയർ ഫിനാൻസ് ഓഫീസർ , സീനിയർ ലോ ഓഫീസർ, സീനിയർ എ.ഓ, ജോയിൻ്റ ടി.സി, സീനിയർ ഡി.ടി.സി (ടാക്സ്) എന്നിവരുടെ സി.എ മാർ, എ.ടി.സി & പൊതു വിവരാവകാശ ആഫീസർ

2)സൂപ്രണ്ട്, എസ്.എസ്.ജി വിഭാഗം, വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി